ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമില്ല.

ശ്രീ. കെ. അയ്യപ്പൻ: കയറുമതി നിരോധിച്ചതിൽപിന്നെ മരച്ചീനിയുടെ വില കുറഞ്ഞിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ട്.

ശ്രീ. കെ. അയ്യപ്പൻ: ഇപ്പോൾ മരച്ചീനിയുടെ വില എന്താണ്?

ശ്രീ. ടി. കെ. നാരായണപിള്ള: പല സ്ഥലത്തും പല വിധത്തിലാണ്. ചില സ്ഥലങ്ങളിൽ പണത്തിനു് ആറാത്തലും ചില സ്ഥലങ്ങളിൽ ഒരു റാത്തലിനു് ഒരു ചക്രവും ആണ് ഉള്ളതു്.

ശ്രീ. കെ. അയ്യപ്പൻ: മുമ്പത്തെ വിലയിൽനിന്നും ഇതിൽ വ്യത്യാസമൊന്നും ഇല്ലല്ലോ?

ശ്രീ. ടി. കെ. നാരായണപിള്ള: തീച്ചയായും കുറവാണു്. മുൻപു് ഒരു റാത്തലിനു് ഒന്നര ചക്രവും രണ്ടു ചക്രവുംപോലും ഉണ്ടായിരുന്നു.

ശ്രീ. തയ്യൂ കുഞ്ഞിത്തൊമ്മൻ: മരച്ചീനിയേക്കാൾ ആദായകരമായ വേറെ കൃഷിയൊന്നുമില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉണ്ടു്. കരുമുളകു്, റബ്ബർ മുതലായവ മരച്ചീനിയെക്കാൾ ആദായകരമാണു്.

ശ്രീ. തയ്യൂ കുഞ്ഞിത്തൊമ്മൻ: അതല്ല ഞാൻ ചോദിച്ചതു്. കുറഞ്ഞ സാധനങ്ങളിൽ മരച്ചീനിയെക്കാൾ ആദായകരമായ വേറെ കൃഷിയില്ലേ എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാൻ പാടില്ല.

പുറമ്പോക്കു ജലാശയങ്ങൾ

*൯൯ ൦. (൨൩) ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഫിഷറീസുവകുപ്പു്മന്ത്രി സദയം മറുപടി നല്കുമോ.—

(എ) പുറമ്പോക്കു ജലാശയങ്ങളിൽ മീൻപിടിക്കുന്നതിനുള്ള കുത്തക ഏല്പാടു് നിറുത്തണമെന്നു ജനങ്ങൾ ആവശ്യപ്പെടാൻ തുടങ്ങിയിട്ടു എത്ര കാലമായി;

(ബി) അതു നിറുത്തൽചെയ്യാൻ ഗവൺമെണ്ടു് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ?

ചീഫു് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഏകദേശം രണ്ടു കൊല്ലങ്ങൾക്കു മുമ്പു ഗവൺമെണ്ടിനു് ചില പ്രാതികൾ ലഭിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സു്: ഇതു് തൊഴിലാളികൾക്കു് ഉപദ്രവകരമാണെന്നു അറിയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൊച്ചിയിലുള്ള രീതി തിരുവിതാംകൂറിലും നടപ്പിൽ വരുത്തണമെന്നാണു് ഗവൺമെണ്ടിന്റെ ഉദ്ദേശം. കോവാപ്പുറേറിവു് സൊസൈറ്റികൾക്കു് ഇതു് പാട്ടം കൊടുക്കുന്നപക്ഷം അവർക്കു് പ്രയോജനകരവും ഗവൺമെണ്ടിനു് ആദായകരവും ആയിരിക്കുമെന്നാണു് ഗവൺമെണ്ടു് കരുതുന്നതു്. അതുകൊണ്ടു് ആ നടപടിക്രമം ഇവിടെയും സ്വീകരിക്കാമെന്നുദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റാഫേൽ ജെ. റൊഡ്രിഗ്സ് ലൈസൻസിംഗ് സമ്പ്രദായം നടപ്പിൽ വരുത്തുകയാണെങ്കിൽ അതും ആദായകരമായിരിക്കുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതിലും ആദായകരമാണ് ലൈസൻസിംഗ് സമ്പ്രദായം എന്ന് ഗവണ്മെണ്ടിനു ബോദ്ധ്യമില്ല. മാത്രമല്ല, ഇപ്പോഴത്തെ സിസ്റ്റം മാറണമെന്നും ഗവണ്മെണ്ടു് വിചാരിക്കുന്നില്ല.

ശ്രീ. പി. കെ. ഡിവർ: ലേലം വിളിച്ചു കൊടുക്കുകയാണെങ്കിൽ കോവാപ്പറേറ്റീവ് സൊസൈറ്റിക്കുതന്നെ കിട്ടണമെന്നും നിർബന്ധമില്ലല്ലോ.

ശ്രീ ടി. കെ. നാരായണപിള്ള: അതിനു ചില വ്യവസ്ഥകളെല്ലാം ഉണ്ടു്. അതനുസരിച്ചു് മിക്കവാറും അവർക്കുതന്നെ കിട്ടാനിടയുണ്ടു്.

Mr. Speaker: We will now take up short notice questions.

Short notice questions

ചാലക്കുടി കൊച്ചിൻ പോട്ടറീസ്

* ൫. (൩) ശ്രീ. കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ലേബർവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) ചാലക്കുടി, കൊച്ചിൻ പോട്ടറീസ് ലിമിറ്റഡ് ഒക്ടോബർ ൨൩-ാംതീയതി മുതൽ പൂട്ടിയിട്ടിരിക്കുന്ന വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) നിയമപ്രകാരം മാനേജ്മെണ്ടിൽനിന്നു നോട്ടീസ് കൊടുത്തതിനു ശേഷമാണോ കമ്പനി പൂട്ടിയതു്;

(സി) ടി കമ്പനി പൂട്ടിയതിനെ സംബന്ധിച്ചു് കൊച്ചിൻ പോട്ടറീസ് ലേബർ യൂണിയനിൽനിന്നു വല്ല ആക്ഷേപവും കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ വിവരം ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്.

(ബി) നിയമപ്രകാരം നോട്ടീസു കൊടുത്തുകൊണ്ടും തൊഴിലാളികൾക്കു് ശമ്പളവും ഡിയർനസ്സു് അലവൻസും മറ്റും നല്കികൊണ്ടുമാണു് ഇതു് പൂട്ടിയിട്ടിരിക്കുന്നതു്.

(സി) അതിനെപ്പറ്റി ആക്ഷേപം കിട്ടിയിട്ടുണ്ടു്. ആ ആക്ഷേപത്തെ സംബന്ധിച്ചു് വേണ്ട അന്വേഷണം നടത്തുകയും ചെയ്തു.

ശ്രീ. സി. സി. പ്രസാദ്†: തൊഴിലാളികളുടെ അവകാശങ്ങൾ എല്ലാം നല്കികൊണ്ടാണെങ്കിലും ഈ കമ്പനി ഇങ്ങനെ പൂട്ടിയിട്ടിരിക്കുന്നതു് നിയമപ്രകാരം ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വളരെ ശരിയാണു്.

ശ്രീ. സി. സി. പ്രസാദ്: നിയമപ്രകാരം നോക്കുമ്പോൾ തൊഴിലാളികൾക്കു് എതെങ്കിലും അവകാശങ്ങൾ സംരക്ഷിക്കാതെ കിടപ്പുള്ളതായി ഗവണ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവകാശങ്ങൾ ഒന്നുംതന്നെ സംരക്ഷിക്കാതെ ഇരുന്നിട്ടില്ല.

---

† The question was allowed to be put by Sri. C. C. Prasad as the questioner was not present.

LIBRARY ARCHIVES Kerala Legislative Assembly